പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 68 11.06.2014 ൽ മറുപടിയ്ക്ക്

## മുല്ലപ്പെരിയാർ തുടർനടപടി

| ചോദ്യം | | ഉത്തരം |
| --- | --- | --- |
| ശ്രീമതി പി. അയിഷാ പോറ്റി<br>ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. വി. ചെന്താമരാക്ഷൻ | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ). മുല്ലപ്പെരിയാർ പ്രശ്നത്തിൽ കേരളത്തിന് പ്രതികൂലമായ സുപ്രീം കോടതി വിധി കേസ് നടത്തിപ്പിലുണ്ടായ വീഴ്ചകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | കേസ് നടത്തിപ്പിൽ വീഴ്ചയുണ്ടായിട്ടില്ല |
| (ബി) തമിഴ്നാടിനുവേണ്ടി കേസ് വാദിച്ചിരുന്നയാൾ അഡ്വക്കേറ്റ് ജനറൽ ആയി സംസ്ഥാന സർക്കാരിനു വേണ്ടി കേസ് നടത്തിപ്പിന് നേതൃത്വം നൽകിയിട്ടുണ്ടോ; പ്രസ്തുത കേസ് നടത്തിപ്പിൽ ഏതൊക്കെ കാര്യങ്ങൾ സംസ്ഥാന താല്പര്യത്തിനു ഹാനികരമായി എന്ന് പരിശോധിച്ചിട്ടുണ്ടോ ; | (ബി) | ഇല്ല. കേസ് നടത്തിപ്പിൽ ഒരു കാര്യവും സംസ്ഥാന താത്പര്യത്തിന് ഹാനികരമായിട്ടില്ല. |

| | | |
|---|---|---|
| (സി).ഇക്കാര്യത്തിൽ എന്തു തുടർന ടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് അറിയിക്കുമോ; | (സി) | സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ കൈക്കൊള്ളേണ്ട നടപടികൾ ചർച്ചചെയ്യുന്നതിനായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12.5.2014 ൽ സർവ്വകകക്ഷി യോഗം വിളിച്ച്; ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ പുനഃപരിശോധന ഹർജി ഫയൽ ചെയ്യുന്നതിന് തീരുമാനമായതിന്റെയടിസ്ഥാനത്തിൽ പുനഃപരിശോധന ഹർജി ഫയൽ ചെയ്യുവാനുളള നടപടികൾ സ്വീകരിച്ചുവരുകയാണ്.<br>സുപ്രീംകോടതി ഉത്തരവിൽ പരാമർശിച്ചിട്ടുളള സൂപ്പർ വൈസറി കമ്മിറ്റിയിലേക്ക് കേരളത്തിൻെറ പ്രതിനിധിയായി ജലവിഭവവകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. വി. ജെ. കുര്യനെ നിയോഗിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്. |
| (ഡി). പ്രസ്തുത നടപടിക്ക് നേതൃത്വം നൽകുന്നതിൽ നിന്ന് വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ ഒഴിവാക്കി മന്ത്രിതല സമിതി നേതൃത്വം ഏറ്റെ ടുക്കുമോ? | (ഡി) | കേസ് നടത്തിപ്പിൽ ഉദ്യോഗസ്ഥർ വീഴ്ചവരുത്തിയിട്ടില്ല. 12.05.2014-ലെ സർവ്വകക്ഷിയോഗത്തിലെ തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ സുപ്രീംകോടതിയിൽ പുനഃപരിശോധനാഹർജി സമർപ്പിക്കുന്നതിനുളള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചു വരുന്നത്. മന്ത്രിതല സമിതിയെ നിയോഗിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ